# സ്വർഗത്തിൽ പ്രവേശിക്കുവാൻ

**സ്വർഗത്തിൽ പ്രവേശിക്കുവാൻ ഇത് നിങ്ങൾ പ്രധാനമായും അറിഞ്ഞിരിക്കേണ്ടതാണ്:**

ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായി തീർന്നു, പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൽ നിത്യജീവൻ തന്നേ. റോമർ 3:23, 6:23.

**സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കാനായി യേശു പറഞ്ഞത് ഇപ്രകാരമാണ്:**

എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു.’’ യോഹന്നാൻ 14:2.

**സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ താങ്കൾക്ക് വേണ്ടി യേശു ചെയ്ത കാര്യം അറിയുന്നത് അത്ഭുതകരമാണ്**

ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു. മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ടു. 1 കൊരിന്ത്യർ 15:3, എബ്രായർ 2:14 - 15 വെളിപ്പാട് 1:18.

**സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ രക്ഷ ദൈവത്തിന്റെ സൗജന്യ ദാനമാണെന്ന് നിങ്ങൾ അറിയേണ്ടത് വളരെ അത്യാവശ്യമാണ്, കാരണം മനസാന്തരപ്പെടുന്ന പാപികൾ ദൈവത്തിന്റെ കൃപയാലത്രേ രക്ഷിക്കപ്പെടുന്നത്:**

കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും; അവൻ അകത്തു വരികയും പുറത്തുപോകയും മേച്ചൽ കണ്ടെത്തുകയും ചെയ്യും.

എഫെസ്യർ 2:8, യോഹന്നാൻ 10:9



*മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തു യേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായി തീർന്നു.*

*എഫെ. 2 :13*

# ആശയ്ക്കു വിരോധമായി ആശയോടെ



**നിങ്ങൾക്ക് ഉണ്ടെങ്കിലും ഇല്ലെങ്കിലും**

# COVID

**സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ ദൈവം നിങ്ങൾക്കായി ഒരു വഴി ഒരുക്കിയിരിക്കുന്നു.**

# താങ്കൾക്ക് എങ്ങനെ സാത്താനെ ജയിക്കുവാൻ കഴിയുമെന്ന് ദൈവം താങ്കളോട് പറയുന്നു.

| | |
|---|---|
| അവർ അവനെ ജയിച്ചു. | ഇതിനർത്ഥം നിങ്ങൾക്ക് സാത്താനെ തരണം ചെയ്യുവാൻ കഴിയും എന്നാണ്, താങ്കളുടെ പാപത്തെയും പരാജയത്തെയും കുറിച്ച് താങ്കളെ ബോധിപ്പിക്കുന്നത് ദൈവത്തിന്റെ ശത്രുവായ സാത്താനാണ്. സ്വർഗത്തിൽ പോകുക അസാധ്യം എന്ന് നിങ്ങളെക്കൊ ് ചിന്തിപ്പിക്കുക എന്നതാണ് സാത്താന്റെ ആവശ്യം. |
| കുഞ്ഞാടിന്റെ രക്തത്താൽ | ഇത് അർത്ഥമാക്കുന്നത്, എല്ലാ മനുഷ്യരാശിയുടെയും രക്തത്തിൽ പാപത്തിന്റെ വിത്ത് ഉ ് എന്നാണ്. എന്നാൽ മലിനമാക്കപ്പെടാത്ത രക്തം യേശുക്രിസ്തുവിന്റേത് മാത്രമാണ്. ഈ പരിപാവനമായ രക്തമാണ് യേശു താങ്കൾക്കായി ചൊരിഞ്ഞത്. കർത്താവായ യേശുവിൽ താങ്കൾ വിശ്വസിക്കുന്നു എങ്കിൽ സാത്താൻ ഇനി ഒരിക്കലും താങ്കളെ കുറ്റം വിധിക്കുകയില്ല. യേശുക്രിസ്തുവിന്റെ രക്തത്താൽ സാത്താന്റെ പിടിയിൽ നിന്നും താങ്കൾ മോചനം നേടിയിരിക്കുന്നു. |
| അവരുടെ സാക്ഷ്യം നിമിത്തം... | ഇതിനർത്ഥം, യേശു ക്രിസ്തുവിനെ സ്വന്ത രക്ഷിതാവും കർത്താവുമായ സ്വീകരിക്കുന്നു എന്ന താങ്കളുടെ തീരുമാനത്തെ മറ്റുള്ളവരോട് തീർച്ചയായതും പങ്കുവെക്കുക എന്നതാണ്. |
| മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല.. വെളിപ്പാട് 12 :11 | ഇത് അർത്ഥമാക്കുന്നത്, കർത്താവായ യേശു നിങ്ങൾക്കായി മരിച്ചതിനാൽ, അവനോടുള്ള നിങ്ങളുടെ സ്നേഹം നിങ്ങളുടെ ജീവനേക്കാൾ വലുതാണ്, താങ്കൾ അവനെ എത്ര മാത്രം സ്നേഹിക്കുന്നു എന്ന് കർത്താവിനോട് ഏറ്റുപറയുക എന്നാണ്. |

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.
യോഹന്നാൻ 3:16

**ദൈവസ്നേഹത്തോട് അനുരൂപരാകാനും താങ്കൾക്ക് നിത്യ ജീവൻ ഉറപ്പുവരുത്തുന്നതിനും ഹൃദയംഗമമായി ദൈവത്തോട് പ്രാർത്ഥിക്കേണ്ടത് അനിവാര്യമാണ്. പ്രാർത്ഥനയിലൂടെയുള്ള ദൈവീക ബന്ധത്തെ ആശ്രയിച്ചാണ് താങ്കളുടെ നിത്യത. ഇപ്രകാരമുള്ള ഒരു പ്രാർത്ഥന പ്രാർത്ഥിക്കുവാൻ ഈ അവസരത്തിൽ താങ്കളോട് ആവശ്യപ്പെടുന്നു.**

## എന്റെ പ്രാർത്ഥന

സർവ്വ ശക്തനായ ദൈവമേ, ഞാൻ അങ്ങയുടെ മുൻപാകെ വണങ്ങുകയും ഒരു പാപിയാണെന്നു ഏറ്റു പറയുകയും ചെയ്യുന്നു. എന്നിലെ പാപം കാരണം ഞാൻ മരണ യോഗ്യനാണ്. എനിക്ക് പകരമായി മരിക്കുവാൻ യേശുവിനെ അയച്ചതിനു ഞാൻ നന്ദിയുള്ളവനാണ്. ഇപ്പോൾ ഞാൻ എന്റെ പാപത്തിൽനിന്നും പിന്തിരിഞ്ഞ് എന്റെ കർത്താവും രക്ഷിതവുമായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു. എന്നോട് ക്ഷമിച്ച് എന്റെ ഹൃദയത്തെയും ജീവിതത്തെയും ശുദ്ധീകരിക്കേണമേ. യേശുക്രിസ്തുവിന്റെ പരിശുദ്ധ രക്തത്തിന്റെ ശക്തിയാൽ സാത്താന് നൽകിയ എല്ലാ ഉടമ്പടികളും ഞാൻ പിൻവലിക്കുന്നു. എന്റെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും കടന്നുവന്ന് അങ്ങയുടെ പരിശുദ്ധാത്മാവിനാൽ എന്നെ നിറയ്ക്കുവാൻ ഞാൻ അങ്ങയെ ക്ഷണിക്കുന്നു. ദൈവമേ അങ്ങ് എന്നോട് ക്ഷമിച്ചതിനു നന്ദി. എന്നെ വീണ്ടും ജനിപ്പിച്ചതിനും, ഒരുദിവസം ഞാൻ അങ്ങയുടെ കൂടെ സ്വർഗത്തിൽ ജീവിക്കും എന്ന ഉറപ്പിനും അങ്ങേയ്ക്കു നന്ദി പറയുന്നു. ആമേൻ.

Trans World Radio, India
Manjadi P.O., Thiruvalla – 689 105, Kerala
Ph: 0469-2700284, www.radio882.com